**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4867

26.06.2019-ൽ മറുപടിക്ക്

**ലക്ചറർ ഇൻ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് തസ്തികയിൽ പി.എസ്.സി വഴി നിയമിതരായവർ**

**ചോദ്യം**
ശ്രീ. ഷാഫി പറമ്പിൽ

**മറുപടി**
**ഡോ. കെ. ടി. ജലീൽ**
(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് പോളിടെക്നിക്ക് കോളേജുകളിൽ ലക്ചറർ ഇൻ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് തസ്തികയിൽ പി.എസ്.സി വഴി നിയമിതരായ എത്ര പേർ നിലവിൽ ജോലി ചെയ്യുന്നു;<br>(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ, ജി.ഒ(പി) നമ്പർ 366/2010/ ഉന്ന.വിദ്യ. അനുസരിച്ച് പി.എസ്.സി വഴി നേരിട്ടുള്ള നിയമനത്തിനാണോ, അതോ പ്രമോഷൻ/ ബൈ ട്രാൻസ്ഫർ നിയമനത്തിനാണോ മുൻഗണന എന്ന് വ്യക്തമാക്കുമോ? | (എ) & (ബി) 8.11.2010 തീയതിയിലെ സ.ഉ. (അച്ചടി) നം. 366/2010/ഉവിവ പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് ബൈ-ട്രാൻസ്ഫർ നിയമനമാണ് ലക്ചറർ ഇൻ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് തസ്തികയിലേക്ക് ഉണ്ടായിരുന്നത്. ടി തസ്തികയിലെ ആകെ അംഗീകൃത ശ്രേണിബലം 91 ആണ്. വിശേഷാൽ ചട്ടങ്ങൾ അനുശാസിക്കുന്ന നേരിട്ടുള്ള നിയമനം - ബൈ-ട്രാൻസ്ഫർ നിയമനം തമ്മിലുള്ള 13:7 അനുപാത പ്രകാരം 59 പേർ നേരിട്ടുള്ള നിയമനത്തിനും 32 പേർ ബൈ-ട്രാൻസ്ഫർ നിയമന പ്രകാരവും നിയമനത്തിന് അർഹരാണ്. നിലവിൽ ബൈ-ട്രാൻസ്ഫർ നിയമന പ്രകാരം 25 പേരും നേരിട്ടുള്ള നിയമന പ്രകാരം 3 പേരും സേവനം അനുഷ്ഠിക്കുന്നു. ആയതിനാൽ 13:7 അനുപാതം ക്രമീകരിക്കുന്നതിനു വേണ്ടി, നിലവിൽ നേരിട്ടുള്ള നിയമനത്തിനാണ് മുൻഗണന നൽകുന്നത്. അതിൻ പ്രകാരം പി.എസ്.സി വഴി തെരഞ്ഞെടുക്കപ്പെട്ട 46 പേർക്ക് നിയമന ഉത്തരവ് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.